## 916

പൂർണ്ണഹൃദയസേവ വേണം ദേവജാതനു പരി-
പൂർണ്ണനാകുവാൻ ഇതു വേണ്ടതാണഹോ!

1 പാതിമനസ്സോടേകിടുന്ന ദേവപൂജയെ
പരൻ സ്വീകരിച്ചിടാ പരമാശിസ്സായ് വരാ-

2 കായൻസേവ പലവിധത്തിൽ ന്യൂനമായിരു-
ന്നതുദോഷഹേതുവായ് പെരും ശാപമായത്-

3 പാകമായ മനസ്സിൻ തീർച്ച ദൈവസേവയിൽ
സ്ഥിരജീവനേകുമേ പരനായതേൽക്കുമേ-

4 നമ്മുടേതെന്നിവിടെയോതും സ്വമ്മിലൊക്കെയും
വരധർമ്മമായത് പരന്നേകണം സദാ-

5 ദേഹം, കീർത്തി, ജ്ഞാനം, ശക്തി, ദ്രവ്യമൊക്കെയും
പരന്നായ് കൊടുക്ക നാം സ്ഥിരരായിരിക്കണം-

6 കൊടുത്തശേഷം തിരിച്ചെടുക്കാൻ തുടങ്ങിടൊല്ല നാം
ഫലമൊടുക്കമായ് വരും ദൃഢമൊടുക്കമാമത്-

7 സ്വർഗ്ഗതാതനെന്നവണ്ണം പൂർണ്ണരാകുവാൻ
പരനാജ്ഞ തന്നഹോ! നിറവേറ്റണമത്-

K.V.S.